# രക്ഷയുടെ പാതയിൽ



# സഭ : ദൈവത്തിന്റെ ജനം

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി

8

# ഉള്ളടക്കം

1. സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം
2. കർത്താവായ ദൈവം
3. സഭ : വിശ്വാസികളുടെ സമൂഹം
4. സഭ : ആത്മാവിനാൽ നയിക്കപ്പെടുന്ന സമൂഹം
5. സഭ : മിശിഹായുടെ ശരീരം
6. സഭ : പുരോഹിതജനം
7. സഭ : പങ്കുവെക്കുന്നവരുടെ സമൂഹം
8. സഭ : പ്രവാചകജനം
9. പ്രേഷിതയായ സഭ
10. തീർത്ഥാടകയായ സഭ
11. സഭ : ഏകമാണ്
12. സഭ : പരിശുദ്ധമാണ്
13. സഭ : ശ്ലൈഹികമാണ്
14. സഭ : സാർവത്രികമാണ്
15. മറിയം സഭയുടെ മാതാവും മാതൃകയും

# പാഠം- 2



## സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം

സഭ : ദൈവത്താൽ
തെരഞ്ഞെടുക്കപ്പെട്ട ജനം

# സഭ : രക്ഷിക്കപ്പെട്ടവരുടെ സമൂഹം

1. എല്ലാവരും രക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു
2. കല്പനകളുടെ അനുസരണം:രക്ഷയ്ക്കുള്ള വ്യവസ്ഥ
3. ഈശോ ലോകരക്ഷകൻ
4. ഈശോ ഏകരക്ഷകൻ
5. രക്ഷ സ്വന്തമാക്കാൻ വചനം സ്വീകരിക്കുക, ജീവിക്കുക
6. കൂദാശകൾ: രക്ഷയ്ക്കുള്ള മാർഗങ്ങൾ

## സഭ : ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം

- ഈജിപ്തിന്റെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽ മക്കളെ മോചിപ്പിക്കുവാൻ ദൈവം മോശയെയും അഹറോനെയും അയച്ചു.
- ദൈവം ഈജിപ്തുകാരുടെ ആദ്യജാതരെയെല്ലാം സംഹരിക്കാൻ തീരുമാനിച്ചു.
- എന്നാൽ ഇസ്രായേൽ ഭവനങ്ങളെ ദൈവം സംരക്ഷിച്ചു.
- കുഞ്ഞാടിന്റെ രക്തം ഇസ്രായേൽ ഭവനത്തിന്റെ കട്ടിളപ്പടികളിൽ തളിക്കപ്പെട്ടപ്പോൾ അത് ഫറവോയുടെ അടിമത്തത്തിൽ നിന്ന് രക്ഷനേടുന്നതിനുള്ള അടയാളമായിത്തീർന്നു.
- പിതാവിന്റെ ഏകജാതന്റെ രക്തം മനുഷ്യവർഗത്തെ പാപത്തിൽ നിന്നു മോചിച്ചു.

സഭ : ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം

## എല്ലാവരും രക്ഷയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു

- തന്റെ ഏകജാതനായ ഈശോയിലുടെ എല്ലാവർക്കും രക്ഷ നല്കുവാൻ ദൈവം തിരുമനസ്സായി.

സഭ : ദൈവത്താൽ
തെരഞ്ഞെടുക്കപ്പെട്ട ജനം

## കല്പനകളുടെ അനുസരണം:രക്ഷയ്ക്കുള്ള വ്യവസ്ഥ

- ദൈവത്തിന്റെ സ്വന്തം ജനമായിരിക്കുക, അവിടുത്തോട് ഐക്യപ്പെട്ടിരിക്കുക എന്നത് രക്ഷയുടെ അനുഭവമാണ്.

സഭ : ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട ജനം

# ഈശോ ലോകരക്ഷകൻ

- ഈശോയുടെ ജനനവാർത്ത അറിയിച്ചു കൊണ്ട് മാലാഖാമാർ ആട്ടിടയരോടു പറഞ്ഞു "ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ ജനിച്ചിരിക്കുന്നു"
- ഈശോ തന്റെ പീഡാനുഭവവും കുരിശുമരണവും തിരുവുത്ഥാനവുംവഴി മനുഷ്യരക്ഷ സാധിച്ചുകൊണ്ട് ഈ പ്രവചനങ്ങളെല്ലാം തന്നിൽ പൂർത്തിയാക്കി.

സഭ : ദൈവത്താൽ
തെരഞ്ഞെടുക്കപ്പെട്ട ജനം

# ഈശോ ഏകരക്ഷകൻ

- ഈശോയാണ് ഏക രക്ഷകൻ
- അവൻ എല്ലാവർക്കും വേണ്ടി തന്നെതന്നെ മോചനമൂല്യമായി നൽകി.
- തന്റെ ബലിയിലൂടെ അവിടുന്ന് ലോകത്തെ രക്ഷിച്ചു.
- ഈ സത്യത്തെ അംഗീകരിച്ച് ഏറ്റുപറയുന്നവരുടെ സമൂഹമാണ് സഭ.
- രക്ഷയ്ക്ക് അടിസ്ഥാനം നമ്മുടെ യോഗ്യതയല്ല ദൈവത്തിന്റെ കൃപയാണ്.

## രക്ഷ സ്വന്തമാക്കാൻ വചനം സ്വീകരിക്കുക, ജീവിക്കുക

- “എന്റെ വചനം കേൾക്കുകയും എന്നെ അയച്ചവനെ വിശ്വസിക്കുകയും ചെയ്യുന്നവനു നിത്യജീവനുണ്ട്.”
- സുവിശേഷം രക്ഷയിലേക്കു നയിക്കുന്ന ശക്തിയാണ്.

## കൂദാശകൾ: രക്ഷയ്ക്കുള്ള മാർഗങ്ങൾ

- പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ പാപമോചനവും ദൈവികജീവനും നല്കി രക്ഷയുടെ അനുഭവത്തിലേക്ക് കൂദാശകൾ നമ്മെ നയിക്കുന്നു.

# എന്റെ തീരുമാനം

നിത്യവും ദൈവവചനം
വായിച്ചും അതനുസരിച്ച്
ജീവിച്ചും ഞാൻ രക്ഷയുടെ
പാതയിൽ ചരിക്കും.


ഓർക്കാൻ ഒരു തിരുവചനം
എന്റെ വാക്കു
കേൾക്കുകയും എന്റെ
കല്പനകൾ പാലിക്കുകയും
ചെയ്താൽ നിങ്ങൾ എന്റെ
സ്വന്തം ജനമായിരിക്കും.

## നമുക്കു പ്രാർത്ഥിക്കാം

രക്ഷയുടെ കൂദാശയായ സഭയിൽ
എന്നെയും അംഗമാക്കിയ ദൈവമേ,
അങ്ങയെ ഞാൻ സ്തുതിക്കുന്നു.
പ്രമാണങ്ങളുടെ പാതയിലുടെ നടന്ന്
സ്വർഗീയ മഹത്വത്തിൽ
എത്തിച്ചേരുവാൻ എന്നെ
അനുഗ്രഹിക്കണമേ.



